**കേരള സർക്കാർ**

**സംഗ്രഹം**

2004 ശമ്പള പരിഷ്കരണം - കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിലെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാരുടെ ശമ്പള സ്കെയിൽ സംബന്ധിച്ച് - 06.06.2016 - ലെ 37697/2009 നമ്പർ റിട്ട് പെറ്റീഷൻമേലുള്ള ബഹു.ഹൈക്കോടതി വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

**ധനകാര്യ (പി.ആർ.സി - സി) വകുപ്പ്**

സ.ഉ(കൈ)നം. 335/2017/ധന തിരുവനന്തപുരം, തീയതി 17/07/2017

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം : 1. കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിലെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാരായ ശ്രീ. മുരുകൻ.സി, ശ്രീ.ഗോപകുമാർ.സി എന്നിവർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത 37697/2009 നമ്പർ റിട്ട് പെറ്റീഷൻമേലുള്ള 06.06.2016 - ലെ ബഹുമാനപ്പെട്ട ഹൈക്കോടതി വിധിന്യായം

2. 25.03.2006 - ലെ സ.ഉ(പി)നം.145/2006/ധന

3. 22.05.2006 - ലെ സ.ഉ(കൈ)നം.516/2006/വ്യവസായം.

**<u>ഉത്തരവ്</u>**

1. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരാമർശം 1 - ലെ വിധിന്യായപ്രകാരം, ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിലെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാർക്ക് സർക്കാർ വകുപ്പുകളിലെ റവന്യൂ/റേഷനിംഗ് ഇൻസ്പെക്ടർമാർക്ക് 2004 ശമ്പള പരിഷ്കരണ പ്രകാരം അനുവദിച്ച പരിഷ്കരിച്ച ശമ്പള സ്കെയിൽ അനുവദിച്ച് നൽകുന്ന കാര്യം പുനഃപരിശോധിക്കുന്നതിനും ഹർജിക്കാരുടെ ഭാഗം കേട്ടതിനു ശേഷം ഇതു സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതിനും ഉത്തരവായിരുന്നു.

2. പരാമർശം (1) - ലെ ബഹു. ഹൈക്കോടതി ഉത്തരവ് പ്രകാരം ധനകാര്യ അഡീഷണൽ സെക്രട്ടറി 23/12/2016 - ന് പരാതിക്കാരന്റെ ഭാഗം കേൾക്കുകയുണ്ടായി. സർക്കാർ വകുപ്പുകളിലെ റവന്യൂ/റേഷനിംഗ് ഇൻസ്പെക്ടർമാർക്ക് 2004 ശമ്പള പരിഷ്കരണത്തിൽ അനുവദിച്ച സ്കെയിലായ 8390-13270 കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിലെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാർക്ക് അനുവദിച്ച

തരണമെന്നും മേൽപ്പറഞ്ഞ തസ്തികകളുടെ ജോലിസ്വഭാവം സമാനമാണെന്നും ഹർജിക്കാർ ആവശ്യപ്പെട്ടു.

3. സർക്കാർ ഇക്കാര്യം വിശദമായി പുനഃപരിശോധിച്ചു. സർക്കാർ വകുപ്പുകളിലെ റവന്യൂ/റേഷനിംഗ് ഇൻസ്പെക്ടർമാർക്ക് 8390-13270 എന്ന ശമ്പളസ്കെയിലും സഹകരണ വകുപ്പിലെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാർക്ക് 7990-12930 എന്ന ശമ്പള സ്കെയിലും പരാമർശം (2) - ലെ സർക്കാർ ഉത്തരവു പ്രകാരം അനുവദിച്ചിരുന്നു. പരാമർശം (2) നെ അടിസ്ഥാനപ്പെടുത്തി പരാമർശം (3) - ലെ സർക്കാർ ഉത്തരവു പ്രകാരം കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിലെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാർക്ക് സർക്കാരിലെ സഹകരണ വകുപ്പിലെ ജൂനിയർ ഇൻസ്പെക്ടർമാരുടെ സ്കെയിലുമായി തുല്യത അംഗീകരിച്ച് 7990-12930 എന്ന സ്കെയിലാണ് 2004 ശമ്പള പരിഷ്കരണത്തിൽ അനുവദിച്ചിരുന്നത്.

4. സർക്കാർ വകുപ്പുകളിലെ റവന്യൂ/റേഷനിംഗ് ഇൻസ്പെക്ടർമാരുടേയും കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിലെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാരുടേയും ജോലി സ്വഭാവവും ഉത്തരവാദിത്വവും സമാനമല്ലാത്തതിനാലും ടി തസ്തികയുമായി തുല്യത അംഗീകരിച്ചിരുന്ന സർക്കാരിലെ സഹകരണ വകുപ്പിലെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാർക്ക് 2004 ശമ്പള പരിഷ്കരണ പ്രകാരം അനുവദിച്ചിരുന്ന സ്കെയിലായ 7990-12930 പിന്നീട് പരിഷ്കരിച്ചിട്ടില്ല എന്ന വസ്തുത കണക്കിലെടുത്തും കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിലെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയ്ക്കു മാത്രം ഉയർന്ന സ്കെയിലായ 8390-13270 നൽകണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ല എന്ന് ഉത്തരവാകുന്നു. ഇപ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 06.06.2016 - ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

**ഡോ.കെ.എം.എബ്രഹാം**

അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

To

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം

2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
4. അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം
5. സെക്രട്ടറി, കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്.
6. ശ്രീ. മുരുകൻ.സി, ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ, കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്.
7. ശ്രീ.ഗോപകുമാർ.സി, ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ, കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്.
8. നോഡൽ ഓഫീസർ, www.finance.ker.gov.in
9. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ